DESPATCHED
On..08/06/ 2020

6/03/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.-in

## ഹർജി നമ്പർ A.P. No.1176(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.7311/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

### ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ലിജിഷ് എം.യു.
മണപ്പിള്ളി, കൃഷ്ണ,
കരുകുളങ്ങര, ഇരിഞ്ഞാലക്കുട-680121
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   കേരള ആഗ്രോമെഷിനറി-കോർപ്പറേഷൻ,
   അത്താണി, എറണാകുളം.- 683 585

2. അപ്പീൽ അധികാരി
   കേരള ആഗ്രോമെഷിനറി-കോർപ്പറേഷൻ,
   അത്താണി, എറണാകുളം.- 683 585

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.02.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.04.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.05.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06.05.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.05.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 19.06.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 06.03.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,എറണാകുളം. |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ലിജിഷ് എം.യു. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതു പ്രകാരവും തൃപ്തികരമായ മറുപടി ലഭിച്ചില്ലായെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരങ്ങൾ നൽകിയില്ലായെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i. ഒരു പൊതു മേഖലാ സ്ഥാപനം എന്ന നിലയിൽ KAMCO യുടെ ഹെഡ് ഓഫീസിൽ നിന്നും യൂണിറ്റുകളിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യാനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണെന്നും അല്ലെങ്കിൽ ആർക്കാണ് അതിന്റെ ചുമതലയെന്നും അതിന്റെ നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്നും മേൽപ്പടി വ്യക്തിയുടെ ഡ്യൂട്ടികളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണെന്നും

ii. KAMCO യുടെ ഹെഡ് ഓഫീസിൽ നിന്നും യൂണിറ്റുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന ഫണ്ടുകൾ യൂണിറ്റുകളിൽ കൃത്യമായി വരവു വെച്ച് ഉപയോഗിക്കാറുണ്ടോ എന്നും അത് ഉറപ്പു വരുത്തുന്നതിന് KAMCO എന്തെല്ലാം നടപടികളും ചട്ടങ്ങളുമാണ് പാലിക്കുന്നത് എന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാനെതിരെയുള്ള ക്രിമിനൽ കേസ്സുമായി ബന്ധപ്പെട്ടതാകയാൽ വിവരാവകാശ നിയമം 8(1) (എച്ച്) വകുപ്പു പ്രകാരം നൽകുവാൻ സാധിക്കുന്നതല്ലെന്നും 4–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ക്രോഡീകരിച്ച് വച്ചിട്ടില്ലായെന്നും 5–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം 4 രൂപ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതും

RIGHT TO INFORMATION

അപൂർണ്ണവും കളവുമാണെന്നും ഒന്നാം എതിർകക്ഷി 30 ദിവസങ്ങൾക്കകം മറുപടി നൽകിയിരുന്നില്ലായെന്നും മേൽപ്പടി മറുപടിയിൽ എസ്.പി.ഐ.ഒ യുടെ പേര് നൽകിയിട്ടില്ലായെന്നും അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ലെന്നും ടിയാന്റെ അപേക്ഷയിലെ 1, 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ കേസുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്നും മേൽപ്പടി കേസിൽ ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും 4–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ക്രോഡീകരിച്ച് വച്ചിട്ടില്ല എന്ന മറുപടി യുക്തിക്ക് നിരക്കാത്തതാണെന്നും 5–ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖ സൗജന്യമായി ടിയാന് ലഭ്യമാക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ എം.യു. കമ്പനിയുടെ മാള യൂണിറ്റിൽ അക്കൗണ്ടന്റായി ജോലി ചെയ്തു വരവേ പണാപഹരണം നടത്തിയതിന് മാള പോലീസ് സ്റ്റേഷനിൽ ഹർജിക്കാരനെതിരെ ഒരു എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാനാവില്ലെന്നും 4–ാം ഇനം സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമാണെന്നും 5–ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഹർജിക്കാരന് നൽകുന്നു എന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങളുടെ വെളിപ്പെടുത്തൽ എതിർകക്ഷികൾ ചൂണ്ടിക്കാട്ടിയ കേസിന്റെ അന്വേഷണവുമായി അഭേദ്യവുമായി ബന്ധപ്പെട്ട ഒന്നായിരുന്നില്ലെന്നും ആയതിന്റെ വെളിപ്പെടുത്തൽ പരാമർശിത കേസ് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുമായിരുന്നില്ലെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവു കൈപ്പറ്റി 7 ദിവസങ്ങൾക്കകം ഹർജിക്കാരന് അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരംതന്നെ 4–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിരങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന് വിവരങ്ങൾ നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. 5–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ഒന്നാം അപ്പീൽ അധികാരി ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 6–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION